**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പേരയം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമാരായിരുന്ന ശ്രീ. സുനിൽകുമാർ ഡി, ശ്രീ. ബിജു സി. എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===============================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.245/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 04.02.2019

===============================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.09.2015-ലെ ഇ 2(ക്യൂവി 28/14/കെഎൽഎം)35926/2014 നമ്പർ കത്ത്

2. വിജിലൻസ് (എ) വകുപ്പിന്റെ 19.10.2015-ലെ 11172/എ 1/15/വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 10.02.2016-ലെ 664/ഇപിബി2/2015/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീ. സുനിൽകുമാർ ഡി. ശ്രീ. ബിജു സി. എന്നിവർ 21.04.2016 തീയതിയിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 27.06.2017-ലെ ഡി6-7574/16 നമ്പർ കത്ത്

**ഉത്തരവ്**

കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകിയതിനുശേഷവും മുൻ ഉടമസ്ഥന്റെ പേർക്ക് കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്ത് ജീവനക്കാർ ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിക്കാതെ കെട്ടിട നികുതി അടവാക്കി നൽകിയെന്നാരോപിച്ച് ശ്രീ. സുരേഷ് ബാബു എന്നവർ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പേരയം ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. വിജിലൻസ് അന്വേഷണത്തിൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകിയതിനുശേഷവും മുൻ ഉടമസ്ഥനായ ശ്രീ. വൈ. ജോസഫ് എന്നവരുടെ പേർക്ക് ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിക്കാതെ പഞ്ചായത്ത് അധികൃതർ കെട്ടിട നികുതി 2 തവണകൾ ചേർത്ത് നൽകിയതിനെത്തുടർന്ന് ശ്രീ. വൈ. ജോസഫ് ബഹു. കോടതിയെ സമീപിച്ച് യഥാർത്ഥ ഉടമസ്ഥനായ ശ്രീ. സുരേഷ് ബാബു കെട്ടിടത്തിലും വസ്തുവിലും കയറുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ട് ഉത്തരവ് വാങ്ങിയതായി കണ്ടെത്തുകയും തുടർന്ന് ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിക്കാതെ കെട്ടിട നികുതി അടവാക്കിക്കൊടുത്തതിന് ഉത്തരവാദികളായ പേരയം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമാരായ ശ്രീ. സുനിൽകുമാർ ഡി, ശ്രീ. ബിജു സി. എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ വിജിലൻസ് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സുനിൽകുമാർ ഡി, ശ്രീ. ബിജു സി. എന്നിവർക്കെതിരെ പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. സുനിൽകുമാർ ഡി, ശ്രീ. ബിജു സി. എന്നിവർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

കുണ്ടറ സബ്-രജിസ്ട്രാർ ആഫീസിലെ 13.04.2016-ലെ 2083/10-ാം നമ്പർ വിലയാധാരപ്രകാരം കൊല്ലം താലൂക്കിൽ മുളവനം വില്ലേജിൽ പേരയം ചേരിയിൽ തടത്തുവിള വീട്ടിൽ ശ്രീ. വിജയരാജനും ടിയാന്റെ ഭാര്യ ശ്രീമതി. മിനിരാജനും ചേർന്ന് ടിയാളുകളുടെ പേരിലുണ്ടായിരുന്ന പേരയം ഗ്രാമപഞ്ചായത്തിലെ II/138(VIII/495)നമ്പർ കെട്ടിടവും അനുബന്ധഭൂമിയും പാലക്കാട്

ജില്ലയിൽ ആലത്തൂർ താലൂക്കിൽ കന്നത്തൂർ വില്ലേജിൽ ബാബു നിവാസിൽ സുന്ദരേശൻ മകൻ, സുരേഷ്ബാബു എന്നയാളുടെ പേർക്ക് രജിസ്റ്റർ ചെയ്ത് നൽകിയതിനെത്തുടർന്ന് 16.04.2016 ൽ 1404074-ാം നമ്പർ രസീത് പ്രകാരം പോക്കുവരവ് ചെയ്ത് ഭൂനികുതി ഒടുക്കുകയും ശ്രീ സുരേഷ്ബാബുവിന്റെ അപേക്ഷയെ തുടർന്ന് 23.04.2012-ൽ പേരയം ഗ്രാമപഞ്ചായത്തിലെ കെട്ടിടനികുതി അസസ്മെന്റ് രജിസ്റ്ററിൽ II/138(VIII/495)നമ്പർ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ശ്രീ.സുരേഷ് ബാബുവിന്റെ പേർക്ക് മാറ്റി നൽകിയിട്ടുള്ളതായി കാണുന്നുവെന്നും ശ്രീ സുരേഷ് ബാബുവിന് കെട്ടിടവും അനുബന്ധ ഭൂമിയും രജിസ്റ്റർ ചെയ്തു നൽകിയ കെട്ടിടത്തിന്റെ മുൻ ഉടമ തടത്തുവിള വീട്ടിൽ ശ്രീ. വിജയരാജന്റെ സഹോദരനുമായ ശ്രീ. വൈ ജോസഫ് തടത്തുവിള വീട് എന്നയാളുടെ ഉടമസ്ഥതയിലുള്ള പരാമർശിത കെട്ടിടമാണ് ശ്രീ സുരേഷ് ബാബുവിന്റെ ഉടമസ്ഥതയിലേക്ക് മാറ്റി നൽകിയിട്ടുള്ളതെന്നും (കെട്ടിട നികുതി അസസ്മെന്റ് രജിസ്റ്ററിൽ) ആധാരപ്രകാരം പരാമർശകെട്ടിടം തന്നെയാണ് ശ്രീസുരേഷ് ബാബുവിന് കൈമാറിയത് എന്ന് ഉറപ്പു വരുത്തിയ സാഹചര്യത്തിൽ ഉടമസ്ഥാവകാശം മാറ്റി നൽകിയതിൽ അപാകതകൾ ഒന്നും തന്നെയില്ലെന്ന് വ്യക്തമാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി നൽകിയതിന് ശേഷവും മുൻ ഉടമസ്ഥനായ ശ്രീവൈ ജോസഫിന്റെ പേർക്ക് കെട്ടിടനികുതി 2 തവണകൾ ചേർത്ത് നൽകിയതിനെത്തുടർന്ന് ടിയാൻ ബഹു. കോടതിയെ സമീപിച്ച് യഥാർത്ഥ ഉടമസ്ഥനായ ശ്രീ.സുരേഷ് ബാബു കെട്ടിടത്തിലും വസ്തുവിലും കയറുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ട് ഉത്തരവ് വാങ്ങുകയും ശ്രീസുരേഷ്ബാബുവിന്റെ പരാതിയെ തുടർന്നാണ് വിജിലൻസ് വകുപ്പിന്റെ പരിശോധനക്ക് ഇടയായിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ആഫീസ് സംവിധാനം വഴിയും പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ വ്യാപകമായ പ്രചാരണം നൽകി സംഘടിപ്പിക്കുന്ന കളക്ഷൻ ക്യാമ്പുകൾ മുഖേനയും നികുതി ദായകരെ ഭവനസന്ദർശനത്തിലൂടെ നേരിൽ കണ്ടും തുടങ്ങിയ വിവിധ മാർഗ്ഗങ്ങളിലൂടെയാണ് കെട്ടിടനികുതി പിരിച്ചെടുക്കാറുള്ളതെന്നും കെട്ടിടനികുതി നിർണ്ണയ രജിസ്റ്റർ അടിസ്ഥാനപ്പെടുത്തിയാണ് നികുതി പിരിച്ചെടുക്കുന്നതെന്നും വിവിധ വാർഡുകളിലെ നികുതി പിരിച്ചെടുക്കുന്നതിന് ആഫീസ് ഉത്തരവ് മുഖാന്തിരം ക്ളാർക്കമാർക്ക് ചുമതല നൽകാറുണ്ടെന്നും പ്രധാനപ്പെട്ട രേഖയായതിനാൽ നികുതി നിർണ്ണയ രജിസ്റ്റർ പ്രത്യേക ഉത്തരവുകളില്ലാതെ ആഫീസിന് പുറത്ത് കൊണ്ട് പോവാറില്ലെന്നും ഫീൽഡ് തല ഉദ്യോഗസ്ഥർ നികുതി പിരിച്ചുടുക്കുന്നതിനായി നികുതി നിർണ്ണയ രജിസ്റ്ററിന് സമാനമായി കൈപ്പുസ്തകങ്ങൾ എഴുതി സൂക്ഷിക്കാറുണ്ടെന്നും നികുതി നിർണ്ണയ രജിസ്റ്ററിലെ മാറ്റങ്ങൾക്കനുസൃതമായി യഥാസമയം കൈപ്പുസ്തകങ്ങളിലും മാറ്റം വരുത്തുന്നില്ലെങ്കിൽ ഫീൽഡ് തല പിരിവുകൾ നടത്തുമ്പോൾ അപാകതകൾ സംഭവിക്കാൻ സാധ്യതയുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വിവിധ വാർഡുകളിലെ നികുതിദായകർ ഒരേ ക്യാമ്പിൽ നികുതി അടയ്ക്കുന്നതിന് സമീപിക്കുന്ന സാഹചര്യവുമുണ്ടാകാറുള്ളതിനാൽ കൈപ്പുസ്തകങ്ങൾ ലഭ്യമല്ലെങ്കിലും തന്റെ ചുമതലയിലുള്ള വാർഡ് അല്ലെങ്കിൽതന്നെയും നികുതിദായകരുടെ സൗകര്യാർത്ഥം മുൻകാല നികുതി അടച്ച രസീതുകളുടെ അടിസ്ഥാനത്തിൽ പുതിയ നികുതി ചേർത്ത് നൽകുന്നതിന് ജീവനക്കാർ നിർബന്ധിതരാവാറുണ്ടെന്നും മുൻകാല രസീത് കളക്ഷൻ ക്യാമ്പിൽ ഹാജരാക്കിയാണ് 2010-11ലെ നികുതി ശ്രീ.വൈ ജോസഫ് 21.12.2012 തീയതിയിൽ ഒടുക്ക് വരുത്തിയിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന മുഴുവൻ പൊതുജനങ്ങൾക്കും സേവനം നൽകുന്നത് ഫ്രണ്ട് ആഫീസ് മുഖാന്തിരമാണെന്നും ആയതിന് പുറമേ നികുതി അടക്കുന്നതിന് പഞ്ചായത്തിൽ എത്തുന്നവർക്ക് നികുതി ചേർത്ത് നൽകുന്നതും ഫ്രണ്ട് ആഫീസ് മുഖാന്തിരമാണെന്നും ഫ്രണ്ട് ആഫീസിലെ തിരക്ക് മൂലവും പൊതുജനങ്ങൾക്ക് പരമാവധി സേവനം

നൽകണമെന്ന ഉദ്ദേശവും മുൻനിർത്തി മുൻകാല നികുതി രസീതുകളുമായി നികുതി അടക്കുന്നതിന് വരുന്ന നികുതിദായകർക്ക് രജിസ്റ്ററുകൾ പരിശോധിക്കാതെ തന്നെ നികുതി ചേർത്ത് നൽകുന്നതിന് പലപ്പോഴും ഫ്രണ്ട് ഓഫീസ് ജീവനക്കാർ നിർബന്ധിതരാവാറുണ്ടെന്നും നികുതിദായകരെ വിശ്വാസത്തിലെടുത്താണ് ഇത്തരത്തിൽ നികുതി ചേർത്ത് നൽകാറുള്ളതെന്നും മുൻകാല രസീത് ഫ്രണ്ട് ഓഫീസിൽ ഹാജരാക്കിയാണ് 12.12.2011ൽ 2010-11 ലെ നികുതി ശ്രീ.വൈ ജോസഫ് ഒടുക്ക് വരുത്തിയിരിക്കുന്നതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥരെ നേരിൽ കേട്ടതിൽ നിന്നും നികുതി ചേർത്തു നൽകിയ ക്ലാർക്കുമാരായ ശ്രീ. സുനിൽകുമാറിനും, ശ്രീ.ബിജു സി.യ്ക്കും ശ്രീ. വൈ. ജോസഫിന്റെ പേരിൽ നികുതി ചേർത്ത് നൽകിയതിന് പ്രത്യേക താൽപര്യം ഒന്നും തന്നെയില്ലായെന്നും പൊതു താൽപര്യം മുൻ നിർത്തിയുള്ള ജീവനക്കാരുടെ ഉദ്ദേശശുദ്ധി മുതലെടുത്ത് ഗ്രാമപഞ്ചായത്തിനെയും ജീവനക്കാരെയും ആസൂത്രിതമായി തെറ്റിദ്ധരിപ്പിച്ചതിന്റെ ഫലമായാണ് ഇത്തരത്തിൽ നികുതി ചേർത്ത് നൽകാൻ ഇടയായിട്ടുള്ളതെന്ന് പരിശോധനയിലും അന്വേഷണത്തിലും വ്യക്തമായിട്ടുള്ളതാണെന്നും ശ്രീ വൈ. ജോസഫ് മരണപ്പെട്ടതിനാൽ ടിയാനെ നേരിൽ കേൾക്കുവാൻ സാധിച്ചിട്ടില്ലായെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു നികുതി ചേർത്ത് നൽകിയതിൽ ജീവനക്കാരുടെ ഭാഗത്ത് നിന്ന് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിലും പൊതു താൽപര്യം മുൻ നിർത്തി ഉദ്ദേശശുദ്ധിയോടെ ചെയ്ത നടപടിയാണ് വീഴ്ചയായി പരിണമിച്ചതെന്ന പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പേരയം ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്കുമാരായ ശ്രീ. സുനിൽകുമാർ ഡി, ശ്രീ. ബിജു സി, എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി 'സെൻഷർ' നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. സുനിൽകുമാർ ഡി, മുൻ ക്ലാർക്ക് പേരയം ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ശ്രീ. ബിജു സി, മുൻ ക്ലാർക്ക്, പേരയം ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിജിലൻസ് (എ) വകുപ്പ്
(യു.ഒ. റിമാർക്സ് നം. എ 1-461/2018-വിജി. തീയതി 17.08.2018 പ്രകാരം)
9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/664/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ